GOVERNMENT OF KERALA

നം.39033/ഡിസി2/10/തസ്വഭവ.

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 3-9-2010.

സർക്കുലർ

വിഷയം:- തസ്വഭവ - സാമൂഹ്യ ക്ഷേമ വകുപ്പ് - ഐ.സി.ഡി.എസ്. പദ്ധതി - തദ്ദേശ സ്വയംഭരണ ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് അനുവദിച്ചിട്ടുള്ളതും, എസ്.എൻ.പി. ഇനത്തിൽ ലഭിച്ചിട്ടുള്ളതുമായ 50% കേന്ദ്ര സഹായത്തിലെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഉപയോഗിച്ച്, സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5-6-2010-ലെ ഐ.സി.ഡി.എസ്. എ2-44654/09 നമ്പർ കത്ത്.

2) 5-8-10-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21-ാം നമ്പർ തീരുമാനം.

സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണ പ്രകാരം അംഗനവാടികൾ വഴിയുള്ള Supplementary Nutrition Programme (SNP) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ആണ് നടപ്പിലാക്കിവരുന്നത്. ടി ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. 2005-06 മുതൽ കേന്ദ്ര സർക്കാർ ടി പദ്ധതി നടത്തിപ്പിലേയ്ക്ക് 50% കേന്ദ്രസഹായം നൽകി വരുന്നുണ്ട്. നിലവിൽ പല പഞ്ചായത്തുകളിലും ഇപ്രകാരം ലഭിക്കുന്ന തുക ബാലൻസ് ആയി അവശേഷിക്കുന്നു എന്നും, ഈ സാഹചര്യത്തിൽ പഞ്ചായത്ത് രാജ് ഫണ്ട്, ടി കേന്ദ്രസഹായ ഫണ്ടിലെ ബാലൻസ് തുക എന്നിവ ഉപയോഗപ്പെടുത്തി അംഗനവാടി കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ, ആയതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും, സൂചന 1 പ്രകാരം സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച്, സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക്

സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/സെക്രട്ടറിമാർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ/സെക്രട്ടറിമാർ
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർ/സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർമാൻമാർ/സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ വകുപ്പ്.
തദ്ദേശ സ്വയമഭരണ (ഡിഎ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ.
പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ.